**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തകങ്ങളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2007 ലാണ് കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം ഇതിന് മുമ്പ് നടന്നത്. വിജ്ഞാനരംഗത്തും വിവരവിനിമയ സാങ്കേതിക രംഗത്തും ധാരാളം മാറ്റങ്ങൾ അതിന് ശേഷം ഉണ്ടായി. ഈ അവസരത്തിലാണ് സംസ്ഥാന സർക്കാർ പാഠ്യപദ്ധതി പരിഷ്കരണത്തിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയത്. അതേ തുടർന്ന് പാഠ്യപദ്ധതി പരിഷ്കരണത്തിനായി സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയും പാഠ്യപദ്ധതി കോർ കമ്മിറ്റിയും രൂപീകരിച്ചു. കേരള പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ചത്. സ്കൂൾ തലത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും രൂപീകരിക്കേണ്ട പാഠ്യപദ്ധതി ചട്ടക്കൂടിനെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണർ, രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാഭ്യാസ തൽപ്പരർ തുടങ്ങി എല്ലാ വിഭാഗം ആൾക്കാരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയുണ്ടായി. ഇത്തരത്തിൽ വിപുലമായ ജനകീയ ചർച്ചയിലൂടെ അഭിപ്രായം സ്വീകരിച്ച് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിച്ച് കേരളം ലോകത്തിന് മാതൃകയായി. കൂടാതെ ചരിത്രത്തിലാദ്യമായി വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും നിർദ്ദേശങ്ങൾ ഒരു നിശ്ചിത ദിവസം ശേഖരിക്കുകയുണ്ടായി. വിപുലമായ ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 (സ്കൂൾ വിദ്യാഭ്യാസം) വികസിപ്പിച്ചത്. അതോടൊപ്പം പ്രീപ്രൈമറി വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും, |

| | | | |
|---|---|---|---|
| | | | അധ്യാപക വിദ്യാഭ്യാസം എന്നീ മേഖലകളിലും പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിച്ചു. കൂടാതെ രക്ഷിതാക്കൾക്കായി ഹാൻഡ് ബുക്കും(പേരന്റ് ടെക്സ്റ്റ് )തയ്യാറാക്കിയിട്ടുണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് (സ്കൂൾ വിദ്യാഭ്യാസം) അടിസ്ഥാനമാക്കിയാണ് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്കു പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി അധ്യാപകർക്കായി ടീച്ചർ ടെക്സ്റ്റുകളും തയ്യാറാക്കി. |
| (ബി) | പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിൽ അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ദരുടെയും പങ്കാളിത്തം എങ്ങനെയാണ് ഉറപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പാഠപുസ്തക രചനാസമിതിയിൽ സർവകലാശാല, കോളേജ് അധ്യാപകർ വിദഗ്ധരായും സ്കൂൾ അധ്യാപകർ പങ്കാളികളായി അംഗങ്ങളാണ്. ഓരോ വിഷയത്തിനും അതത് മേഖലയിലെ പ്രശസ്ത വിദഗ്ധർ അഡ്വൈസറുടെ ചുമതലയും നിർവ്വഹിച്ചിരുന്നു. വിദഗ്ധരിൽ ഒരാൾ ചെയർപേഴ്ണായും എസ്.സി.ഇ.ആർ.ടി റിസർച്ച് ഓഫീസർ ആക്കാദമിക് കോർഡിനേറ്ററായുമുള്ള സമിതിയാണ് സമയബന്ധിതമായി പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. കരട് പാഠപുസ്തകം തയ്യാറാക്കിയതിനുശേഷം പാഠപുസ്തക രചനയിൽ പങ്കെടുക്കാത്ത വിദഗ്ധരുടെയും അധ്യാപകരുടെയും സമിതി കരട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് സൂക്ഷ്മപരിശോധന ശില്പശാലയിൽ തയ്യാറാക്കുന്ന പാഠപുസ്തകം സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളായ സബ് കമ്മിറ്റിക്ക് മുമ്പിൽ പരിശോധനയ്ക്ക് സമർപ്പിക്കുന്നു. സമിതി നൽകുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പാഠപുസ്തകങ്ങൾ ഫൈനലൈസേഷൻ വർക് ഷോപ്പിൽ തയ്യാറാക്കി സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| (സി) | വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതുക്കിയ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പുതുമകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | ഓരോ വിഷയത്തിലും കാലികമായ മാറ്റങ്ങൾ ഉൾകൊള്ളിച്ചാണ് പാഠപുസ്തകങ്ങൾ വികസിപ്പിച്ചത്. സമഗ്രവ്യക്തിവികാസം, ജ്ഞാനസമൂഹസൃഷ്ടി, പൗരബോധം, പാരിസ്ഥിതികാവബോധം, ഭരണഘടനാമൂല്യങ്ങൾ, ശാസ്ത്രാവബോധം, തൊഴിൽ നൈപുണി എന്നിവ പരിഷ്കരിച്ച പുതിയ പുസ്തകങ്ങളിൽ ഉൾച്ചേർക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കലാവിദ്യാഭ്യാസം, ആരോഗ്യകായിക വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവയ്ക്ക് 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ആക്റ്റിവിറ്റി ബുക്കുകൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ട്. 9-ാം ക്ലാസിൽ കുട്ടിയുടെ അഭിരുചിയും താല്പര്യവുമനുസരിച്ച് സാമ്പത്തിക സാക്ഷരത, മാലിന്യസംസ്കരണം, കൃഷി തുടങ്ങിയ 11 |

| | | | |
|---|---|---|---|
| | | | വ്യത്യസ്ത മേഖലകളിൽ നിന്ന് ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുക്കുവാനുള്ള ഓപ്ഷനും ആദ്യമായി ലഭ്യമാക്കി. ഫങ്ഷണൽ ലിറ്ററസി ആൻറ് ന്യൂമറസി ഉറപ്പുവരുത്തുന്നതിനായി ഒന്ന് രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും പ്രവർത്തനപുസ്തകങ്ങളും ആദ്യമായി ഏർപ്പെടുത്തി. ലിംഗനീതി ഉറപ്പ് വരുത്തുന്നതും ഭരണഘടന മുറുകെ പിടിക്കുന്നതും കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം എന്നിവയിൽ അവബോധം സൃഷ്ടിക്കുന്നതുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ദേശീയ വിദ്യാഭ്യാസ നയം ഉൾപ്പെടെയുള്ള മാർഗ്ഗരേഖകൾക്ക് അനുസൃതമായും സംസ്ഥാനത്തിന്റെ സാമൂഹ്യ, സാംസ്കാരിക പ്രത്യേകതകളെ പരിഗണച്ചും പാഠപുസ്തക പരിഷ്കരണം നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) | 1986 ന് ശേഷം 34 വർഷം കഴിഞ്ഞ് 2020 ലാണ് പുതിയ ദേശീയ വിദ്യാഭ്യാസനയം നിലവിൽ വന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പൊതുവിദ്യാഭ്യാസ രംഗത്ത് ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും വിദ്യാലയലഭ്യത ഉറപ്പ് വരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഒന്നാം ക്ലാസിൽ ചേരുന്ന ബഹുഭൂരിഭാഗം വിദ്യാർത്ഥികളും പന്ത്രണ്ടാം ക്ലാസ് പൂർത്തികരിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ദേശീയ വിദ്യാഭ്യാസ നയം 2020 മുന്നോട്ടുവയ്ക്കുന്ന പൊതു ലക്ഷ്യങ്ങളിൽ നിന്ന് കുറേക്കൂടി ഉയർന്ന ലക്ഷ്യങ്ങൾ നേടാൻ കഴിയുന്ന പാഠ്യപദ്ധതി പരിഷ്കരണമാണ് കേരളത്തിൽ നടന്നുവന്നത്. ദേശീയ തലത്തിൽ ശാസ്ത്രവിദ്യാഭ്യാസം, സാമൂഹ്യശാസ്ത്ര വിദ്യാഭ്യാസം, ഭാഷാ വിദ്യാഭ്യാസം, ലിംഗവിദ്യാഭ്യാസം, ഗണിത വിദ്യാഭ്യാസം എന്നിങ്ങനെ 25 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പൊസിഷൻ പേപ്പറുകൾ വികസിപ്പിച്ചപ്പോൾ കേരളം തനതായി രക്ഷാകർതൃ വിദ്യാഭ്യാസത്തിന് 26-ാമത് ഫോക്കസ് ഗ്രൂപ്പ് കൂടി രൂപീകരിച്ചു. ഈ ഫോക്കസ് ഗ്രൂപ്പിന്റെ നിർദ്ദേശം പരിഗണിച്ച് നാല് തലങ്ങളിൽ രക്ഷിതാക്കൾക്കുള്ള കൈപുസ്തകം പ്രസിദ്ധീകരിച്ചു പ്രീപ്രൈമറി, എൽ.പി., യു.പി, എച്ച്.എസ്. & എച്ച്.എസ്.എസ്. തലങ്ങളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള കൈപുസ്തകമാണ് പ്രസിദ്ധികരിച്ചത്. ഇത്തരത്തിൽ രക്ഷിതാക്കൾക്കായി കൈപുസ്തകം പ്രസിദ്ധീകരിക്കുന്നത് ആദ്യമായാണ്. |
| (ഇ) | പാഠപുസ്തക വിതരണം സമയബന്ധിതമായും ഗ്രാമീണ നഗര മേഖലകൾക്ക് ഒരുപോലെ പ്രയോജനപ്രദവുമാകുന്ന തരത്തിലും ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി എറണാകുളം കാക്കനാട് സ്ഥിതി ചെയ്യുന്ന കെ.ബി.പി.എസ് എന്ന സ്ഥാപനമാണ് നിർവ്വഹിക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പാഠപുസ്തക വിഭാഗത്തിൽ നിന്നും നൽകുന്ന പ്രിന്റ് ഓർഡർ പ്രകാരം കെ.ബി.പി.എസ് പാഠപുസ്തകങ്ങൾ അച്ചടിക്കുകയും 14 ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | സ്ഥിതി ചെയ്യുന്ന പാഠപുസ്തക ഹബ്ബിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത ഹബ്ബുകളിൽ നിന്നും വിവിധ ഉപജില്ലകൾ തിരിച്ച് പാഠപുസ്തകങ്ങൾ കുടുംബശ്രീ മുഖേന സ്കൂൾ സൊസൈറ്റികളിൽ ഗ്രാമ നഗര വ്യത്യാസമില്ലാതെ സമയബന്ധിതമായി എത്തിച്ച് കൊടുക്കുന്നു. |

സെക്ഷൻ ഓഫീസർ